# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## എ. എം. എൽ. പി. സ്കൂൾ

## മാരായമംഗലം

## 2025 - 26

# ആമുഖം.

നെല്ലായ ഗ്രാമ പഞ്ചായത്തിലെ 3-ാം വാർഡിൽ കെ.ടി പടിയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1930ലാണ് വിദ്യാലയം സ്ഥാപിതമായത്. മുസ്ലിം മതവിഭാഗത്തിൽ പെട്ടവരാണ് ഭൂരിഭാഗം വിദ്യാർത്ഥികളും. മക്കര തറവാട്ടുകാരാണ് വിദ്യാലയം തുടങ്ങിയത്. മക്കര കുഞ്ഞനെഴുത്തച്ഛൻ, വാസു എഴുത്തച്ഛൻ എന്നിവർക്കുശേഷം മക്കര വിജയലക്ഷ്മിയാണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ.

2025-26 അധ്യയന വർഷത്തിൽ പ്രൈമറി തലത്തിൽ 69 കുട്ടികളും പ്രീ.പ്രൈമറി തലത്തിൽ 24 കുട്ടികളുമാണ് സ്കൂളിലുള്ളത്. ഇപ്പോൾ 5 അധ്യാപകർ ഉണ്ട്. ശ്രീമതി ബിന്ദു ടീച്ചറാണ് പ്രധാനാധ്യാപിക. ശ്രീമതി ഫാത്തിമ ജസില, ശ്രീമതി ഐശ്വര്യ, സുലൈഖ ടീച്ചർ, അപ്പുണ്ണി മാസ്റ്റർ എന്നിവരാണ് മറ്റ് അധ്യാപകർ. ശ്രീമതി. കമലാക്ഷി പ്രീ.പ്രൈമറി അധ്യാപികയായും പ്രവർത്തിക്കുന്നു.

അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ ഒരു കെട്ടിടം സ്കൂളിനായി നിർമ്മിച്ചിട്ടുണ്ട്. ഓഫീസ് റൂം, 5 ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ലാബ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്‌ലറ്റുകൾ നല്ല അടുക്കള എല്ലാം പുതുതായി പണികഴിച്ച വിദ്യാലയത്തിലുണ്ട്. കുട്ടികൾക്കായി കളിസ്ഥലവും ഉണ്ടാക്കിയി

# അധ്യാപകരും വിവരങ്ങളും ചുമതലകളും. 2025 - 2026.

| Sl.No | അധ്യാപകന്റെ പേര്. | ക്ലാസ് ചുമതല | മറ്റ് ചുമതലകൾ (ക്ലബ്) |
|---|---|---|---|
| 1. | ബിന്ദു. | ഒന്നാം ക്ലാസ് | * അസംബ്ലി<br>* പുസ്തക വിതരണം<br>* ഗണിത ക്ലബ്<br>* പ്രീ പ്രൈമറി. |
| 2. | അപ്പുണ്ണി. കെ.യു. | രണ്ടാം ക്ലാസ്. | * SRG<br>* SITC<br>* ഉച്ചഭക്ഷണം<br>* IEDC<br>* ശാസ്ത്ര ക്ലബ്<br>* സ്കോളർഷിപ്പ്. |
| 3. | ഐശ്വര്യ. കെ. | മൂന്നാം ക്ലാസ് | * ലൈബ്രറി<br>* കായികവിദ്യാഭ്യാസം<br>* ബാലസഭ<br>* യൂണിഫോം. |
| 4. | ഫാത്തിമ ജസീല C.H. | നാലാം ക്ലാസ്. | * വിദ്യാരംഗം<br>* LSS<br>* ഇംഗ്ലീഷ് ക്ലബ്<br>* ആരോഗ്യ ക്ലബ്<br>* PTA. |
| 5. | സുലൈഖ. പി. | | * ഉച്ചഭക്ഷണം<br>* ശുചിത്വം<br>* അച്ചടക്കം<br>* ലൈബ്രറി. |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ.

| വിഭാഗം | നിലവിലുള്ളത്. | ഇനിആവശ്യമുള്ളത്. |
| --- | --- | --- |
| 1. ക്ലാസ്മുറി. | 5. | |
| 2. ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 3. | |
| 3. പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 3. | |
| 4. കിണർ | കുഴൽകിണർ. | |
| 5. ലൈബ്രറി | സൗകര്യം ഉണ്ട്. | |
| 6. ചുറ്റുമതിൽ | ഉണ്ട്. | |
| 7. കളിസ്ഥലം | ഉണ്ട്. | |
| 8. ചെടികളെ. | സൗന്ദര്യങ്ങളോടു കൂടിയ ചെടികളുണ്ട്. | |
| 9. കമ്പ്യൂട്ടർ ലാബ് | പ്രത്യേക മുറി. | |
| 10. കമ്പ്യൂട്ടർ | 4. | |
| 11. ലാപ്ടോപ്പ് | 3. | |
| 12. സൗണ്ട് സിസ്റ്റം | 1. | |
| 13. പ്രൊജക്ടർ. | 2. | |

## വിദ്യാലയം നിലവിലെ അവസ്ഥ.

| | |
|---|---|
| SRG | മാസത്തിൽ രണ്ടു തവണ യോഗം ചേരുന്നു. ക്ലാസ്തല പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. |
| PTA. | വർഷത്തിൽ മൂന്നു തവണ PTA യോഗം വിളിച്ചു ചേർക്കുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും ഭൗതിക സാഹചര്യങ്ങളിലും സജീവമായി ഇടപെടുന്നു. |
| ലൈബ്രറി. | എല്ലാ ക്ലാസുകളിലും പുസ്തകം വിതരണം ചെയ്യുന്നു. എല്ലാ ആഴ്ചയും പുസ്തകങ്ങൾ വായിക്കാൻ വീട്ടിലേക്ക് കൊടുത്തു വിടുന്നു. |
| ക്ലബ് പ്രവർത്തനങ്ങൾ. | വിദ്യാരംഗം കലാസാഹിത്യ വേദി, ഗണിത ക്ലബ്, പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ്, ആരോഗ്യ ശുചിത്വ ക്ലബ്. തുടങ്ങിയവ നന്നായി പ്രവർത്തിക്കുന്നു. |
| കമ്പ്യൂട്ടർ. | കമ്പ്യൂട്ടർ പരിശീലനം നടന്നു വരുന്നു |
| ജാഗ്രതാ സമിതി. | രണ്ടു മാസത്തിൽ ഒരിക്കൽ ജാഗ്രതാ സമിതി ചേരുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. |
| | |

## ലക്ഷ്യങ്ങൾ.

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിയെടുക്കുക.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- ലഘുപഠനയാത്രകൾ, ശില്പശാലകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.

## ലക്ഷ്യങ്ങൾ

### മലയാളം, ഇംഗ്ലീഷ്, അറബിക്

- അക്ഷരങ്ങൾ തിരിച്ചറിയുന്നു.
- വാക്കുകൾ, വാചകങ്ങൾ വായിക്കുന്നു എഴുതുന്നു.
- മലയാളം, ഇംഗ്ലീഷ്, അറബി ആശയഗ്രഹണത്തോടെ
- വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിക്കാൻ കഴിയുക.
- വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങളിൽ, രചനകൾ നിർമ്മിക്കാൻ കഴിയുക.
- വ്യത്യസ്തമായ ആശയങ്ങൾ അവതരിപ്പിക്കുക.

### പരിസര പഠനം

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവ്.
- വിവിധ ശാസ്ത്ര ഉപകരണങ്ങൾ, മാതൃകകൾ, നിർമ്മിക്കാൻ കഴിയുക.
- വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും ശേഖരിക്കാനും താത്പര്യം.
- വിവിധ കണ്ടുപിടുത്തങ്ങളിൽ ഏർപ്പെടാൻ കഴിയുക.
- വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യാൻ കഴിയുക.
- വർഗീകരണം.

### ഗണിതം

- 1 മുതൽ 10000 വരെ എണ്ണാനും എഴുതാനും
- ഗണിത മധുരം രസകരമായും താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ

വിവിധ ഗണിത ലേഖനങ്ങൾ, പുസ്തകങ്ങൾ ശാസ്ത്ര
ജ്ഞന്മാരുടെ ജീവ ചരിത്രം എന്നിവ വായിക്കാനുള്ള
താത്പര്യം
ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും
വിവിധ അളവുകളിൽ വരയ്ക്കാനും കഴിയുക.
മാന്ത്രിക ചതുരം പാറ്റേണുകൾ കണ്ടെത്താൻ.

## കലാ കായിക ആരോഗ്യ വിദ്യാഭ്യാസം

മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന്
നേതൃഗുണം ഉണ്ടാക്കുന്നതിന്.
ശാരീരിക മാനസിക ആരോഗ്യം ഉണ്ടാക്കുന്നതിന്.
കളിയുപകരണങ്ങൾ, പ്രദർശന വസ്തുക്കൾ നിർമ്മി-
ക്കുന്നതിന്.
ചിത്ര രചനകളിൽ ഏർപ്പെടുന്നതിന്
ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനും ദിനചര്യ-
യായി പിന്തുടരാനും
വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിന്.

# പഠന മികവ്

പ്രീ-പ്രൈമറി തലം മുതൽ നാലാം ക്ലാസ് വരെ പഠിക്കുന്ന മിടുക്കരെ കണ്ടെത്തി LSS പരിശീലനം നൽകി അവരെ സ്കോളർഷിപ്പിന് അർഹരാക്കുക എന്ന ലക്ഷ്യത്തിൽ തുടങ്ങുന്ന സംരംഭം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സ്കൂളിന്റെ യശസ്സ് ഉയർത്തുക<br>• പഠന മികവ് തെളിയിക്കൽ<br>• പൊതുവിദ്യാഭ്യാസ-ത്തോടുള്ള അവഗണന ഇല്ലാതാക്കൽ<br>• നാളേക്കുവേണ്ടി നല്ലൊരു സമൂഹം വാർത്തെടുക്കൽ | പ്രീ-ടെസ്റ്റ് നടത്തി ഓരോ ക്ലാസിലെയും മിടുക്കരെ കണ്ടെത്തുന്നു. കുട്ടികളിലുള്ള കഴിവുകൾ കണ്ടെത്തി അനുയോജ്യമായ വിധത്തിൽ ദിനതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകുന്നു. വിവരശേഖരണം സർവെ, പ്രോജക്ടുകൾ മാസികകൾ, പത്ര-ങ്ങൾ പോസ്റ്റർ രചനകൾ പ്രശ്നവിശ-കലനം, മികച്ച വായന സർഗാത്മക രചനകൾ | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യം |
| --- | --- | --- | --- | --- |
| | അറിയിപ്പ് തയ്യാറാക്കൽ, പത്ര വാർത്തകൾ ശേഖരിക്കൽ തുടങ്ങിയ മികച്ച രീതിയിൽ ചെയ്യുന്നതിനുള്ള പരിശീലനം നൽകും<br>• മൊത്തത്തിൽ സ്കൂളിലെ എല്ലാ അധിക പ്രവർത്തനങ്ങളിലും ഇത്തരം കുട്ടികൾക്ക് ധാരാളം അവസരങ്ങൾ നൽകൽ. നാലാം ക്ലാസിലെത്തിയ മിടുക്കരായ കുട്ടികൾക്ക് ധാരാളം പ്രത്യേക ചോദ്യാവലികൾ തയ്യാറാക്കി പരിശീലനം നൽകണം | | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | മലയാളം (വായന, എഴുത്ത്) പാട്ടുത്സവം, കഥ പറയൽ. (കുട്ടികൾ രക്ഷിതാക്കൾ.) | പാട്ടുത്സവം. (1, 2) കഥ പറയൽ. (കുട്ടികൾ, രക്ഷിതാക്കൾ) | ജൂലൈ - ഡിസംബർ. | ഒന്നാം ക്ലാസിലെയും രണ്ടാം ക്ലാസിലെയും അധ്യാപകർ. | PTA | |
| | | വായനകാർഡ് നിർമ്മാണം. (1,2 ക്ലാസുകാർക്ക്) | ഒക്ടോബർ | | | |
| | | വായനമൂല സർഗാത്മക ഡയറി. | ജൂൺ - മാർച്ച്. | | | |
| | കാവ്യോത്സവം. | കാവ്യോത്സവം. | ജൂലൈ. | | | |
| | കാവ്യാവിഷ്കാരം | കാവ്യാവിഷ്കാരം തുടങ്ങിയ പ്രവർത്തനങ്ങൾ ആദ്യത്തെ മലയാളം യൂണിറ്റ് പഠനത്തിനു ശേഷം ആരംഭിക്കുന്നു. PTA യിൽ പ്രദർശനം അവതരണം | ജൂൺ | മൂന്നിലെയും നാലിലെയും അധ്യാപകർ | PTA പഞ്ചായത്ത്. | മൂന്നിലെയും നാലിലെയും മുഴുവൻ വിദ്യാർത്ഥികളും ഉൾപ്പെടുന്നു. |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ്. |
|---|---|---|---|---|---|---|
| | സർഗാത്മക ഡയറി. | ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ വൈകാരികതയോടെ കൂടിയുള്ള അവതരണം രക്ഷിതാവിനെ കൂടി പങ്കു ചേർക്കുന്നു. | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ. | | ഒന്ന് രണ്ട് ക്ലാസുകളിലെ മുഴുവൻ കുട്ടികളും. |
| | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ. വായന മൂല, ക്ലാസ് ലൈബ്രറി. രൂപീകരിക്കൽ. സ്കൂൾ ലൈബ്രറി നവീകരിക്കൽ. ഗ്രന്ഥശാല സന്ദർശനം പത്രവായന. വായനാക്കുറിപ്പ്. പതിപ്പ്. വായന കാർഡ് വായന സാമഗ്രികൾ വികസിപ്പിക്കൽ | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ഗ്രന്ഥശാല. | PTA MPTA. | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ്. |
|---|---|---|---|---|---|---|
| | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക<br>(എഴുത്തുകൂട്ടം.) | എഴുത്തുകൂട്ട രൂപീകരണം<br>ക്ലാസ് ലൈബ്രറി<br>ചുമർ പത്രിക<br>പതിപ്പ് തയ്യാറാക്കൽ<br>വ്യക്തി രചന<br>സംഘരചന<br>ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ. | PTA<br>MPTA. | |
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br>(മലയാളത്തിളക്കം) | അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമിക്കുക<br>വാക്യങ്ങൾ നിർമിക്കൽ.<br>ചിത്രം. അടിക്കുറിപ്പ്<br>ചിത്രം കഥ വായന,<br>ചിത്രം- കഥ എഴുതൽ<br>കഥ - ബാക്കി എഴുതൽ<br>കഥാപുസ്തകം നൽകൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ക്ലാസ് അധ്യാപകർ. | | |

## ശാസ്ത്രം

കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ, യുക്തി ചിന്ത വളർത്തൽ എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് ഈ പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവ് ഉണ്ടാക്കുക<br>• വിവിധ ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും വിവിധ മാതൃകകൾ നിർമ്മിക്കാനും കഴിവ്<br>• പ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുക | • പരീക്ഷണങ്ങൾ - പാഠഭാഗം അനുബന്ധം.<br>ഫീൽഡ് ട്രിപ്പ് [പരിസര നടത്തം]<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിർമ്മാണം<br>വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും വിവിധ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനും അവസരം<br>ചുറ്റുമുള്ള ലഘു പ്രശ്നങ്ങൾ പ്രൊജക്ടായി അവതരിപ്പിക്കാൻ അവസരം സൃഷ്ടിക്കുക. | ജൂൺ - മാർച്ച് | ശാസ്ത്രക്ലബ്, അധ്യാപകർ | |

# ഗണിതം മധുരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ചുമതല | പഠനോപകരണം |
|---|---|---|---|---|
| 1 മുതൽ 10000 വരെ എണ്ണാനും പറയാനും | സംഖ്യാകാർഡ്, സംഖ്യാ പോക്കറ്റ് കളിനോട്ട് പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ക്ലാസ്സും പ്രവർത്തനങ്ങൾ | അധ്യാപകർ | സംഖ്യാകാർഡ് പോക്കറ്റ് ഗണിതകിറ്റ് |
| ഗണിത മധുരം സഹായം തൻ പദ്യങ്ങളും ഗണിതത്തെ സമീപിക്കാൻ | ഗണിതത്തിൽ താത്പര്യം ഉണ്ടാക്കുന്നതിന് വിവിധ കളികളിലൂടെ [ഗണിതവിജയം, ഉല്ലാസഗണിതം] പഠനം തുടരുക | പാഠഭാഗവുമായി ബന്ധപ്പെട്ട് | | ഗണിത കിറ്റ് കളിയുപകരണങ്ങൾ |
| പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ (സങ്കലനം, വ്യവകലനം ഗുണനം, ഹരണം സമയം, തുടങ്ങിയവ) | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക | | അധ്യാപകർ | കളിനോട്ട് ബ്ലോക്ക് |

English.

| Learning Outcomes | Activities | Activity Details | Duration. |
|---|---|---|---|
| • Describe the picture. | Picture discription. | • Shows a picture.<br>• Discussion.<br>• Children talk about the picture.<br>Slow learners - Gives opportunity to express their ideas in Malayalam. | June - August. |
| • Arranges word in Alphabetical order. | Dictionary. | • Introducing the dictionary<br>• Gives words<br>• Arranging words in alphabetical order. | July - March. |
| Adds more exchanges to the conversation suitable to the context. | Conversation. | • Reading the conversation.<br>• Acting with friends.<br>• Add more exchanges to the conversations<br>Slow learners. Gives opportunity to express their ideas in Malayalam. | July - March. |
| Identifies rhyming words from the poem | Rhyming words. | • Plays the audio of the song.<br>• Let the learner sing after the teacher<br>• Discussion.<br>• Identifies rhyming words. | July to september. |

| Learning outcomes | Activity. | Activity Description | Duration. |
| --- | --- | --- | --- |
| · Add lines to a poem following set pattern. | Add more lines | · plays the audio song.<br>· Let the learner sing after the song<br>· Add lines to the poem. | July – December. |
| Reads and understands the given stories and poems. | Let's read. | · Provides the audio song.<br>· Let the learner sing after the song<br>· Add lines to the poem. | July – December. |
| ~~Reads and understands the given stories and poems.~~ Make simple riddles | Riddles | · Gives opportunity to hear and answer simple riddles.<br>· make simple riddles<br>~~Slow~~ learners — Gives chance to express in Malayalam. | |
| Undertakes simple project work given | project works. | · Gives instructions.<br>· Data collections<br>· codifying. | October – March. |
| To participate in simple language games. | Language games | English club activities. | |

## കല കായിക മേഖലകളിലെ പ്രകടനം മെച്ചപ്പെടുത്താൻ

പഠനത്തോടൊപ്പം കുട്ടികളിലെ മറ്റു കഴിവുകളെ കണ്ടെത്തി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു പദ്ധതിയാണിത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനവ്യയം |
|---|---|---|---|---|
| കല - കായിക പ്രവൃത്തി പരിചയ രംഗങ്ങളിൽ മികവ് പുലർത്താൻ പ്രാപ്തരാക്കുക | ഓരോ മേഖലയിലും പ്രാവീണ്യം നേടിയ വ്യക്തികളെ കണ്ടെത്തി. അനുയോജ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>• ആഴ്ചയിൽ രണ്ട് ദിവസം പരിശീലിപ്പിക്കൽ<br>• സ്കൂൾതല മേളകൾ സംഘടിപ്പിക്കൽ<br>• ഉപജില്ലാ മേളകളിൽ പങ്കെടുക്കേണ്ട മുഴുവൻ പരിപാടികളുടേയും ലിസ്റ്റ് തയ്യാറാക്കൽ<br>• തെരഞ്ഞെടുത്ത കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | PTA അധ്യാപകർ | 7500 |

## പഠനയാത്ര

പ്രകൃതിയെ അടുത്തറിഞ്ഞുവേണം ഒരോ കുട്ടിയും പഠനം ...ടത്താൻ. ഒരോ തൊഴിലിന്റെയും മഹത്വം കുട്ടി കണ്ടും കേട്ടും മനസ്സിലാക്കാൻ ഒരോ പഠനയാത്രകളും സഹായിക്കും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യം |
|---|---|---|---|---|
| ...പാഠ്യ - പാഠ്യേതര ...വിഷയങ്ങളെ കുറിച്ച് ...കൂടുതൽ അറിവ് ...നേടുന്നതിന് | • അഭിമുഖ ചോദ്യങ്ങൾ തയ്യാറാക്കൽ<br>• റിപ്പോർട്ട് തയ്യാറാക്കൽ<br>• വായനശാല<br>• ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം<br>• കൃഷിസ്ഥല സന്ദർശനം<br>• ബാപ്പുജി പാർക്ക്<br>• വീട് നിർമ്മാണം<br>• ഇഷ്ടിക നിർമ്മാണം. | ജൂൺ<br>ഒക്ടോബർ<br>ആഗസ്റ്റ്<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | PTA<br>അധ്യാപകർ | 5000 |

| | ദിനാചരണങ്ങൾ . പ്രവർത്തനങ്ങൾ | കാലം | ചുമതല | | ധനകാര്യം |
|---|---|---|---|---|---|
| ജൂൺ 5 പരിസ്ഥിതി ദിനം. | പ്രത്യേക അസംബ്ലി, വനിത സഭ ചേരൽ, കുട്ടികളെയും രക്ഷിതാക്കളെയും ബോധവത്കരിക്കൽ. സ്കൂളിലേയും വീട്ടിലേയും പ്ലാസ്റ്റിക് മാലിന്യസംസ്കരണം, പൂന്തോട്ടം, ഔഷധത്തോട്ടം നിർമ്മാണം, പ്രകൃതിയെ അറിയൽ, (Field trip) വിവിധ മത്സരങ്ങൾ പതിപ്പ് നിർമ്മാണം, വിത്ത്പേന നിർമ്മാണ പരിശീലനം. | June 5 മുതൽ | അധ്യാപകർ | PTA | പൂർവ്വ വിദ്യാർത്ഥികളും പങ്കാളികൾ രക്ഷിതാക്കൾ. |
| വായനാദിനം. | ലൈബ്രറി ( school Library) നവീകരണം. പുസ്തക പ്രദർശനം, വായനാ മത്സരം, ക്വിസ് മത്സരം, PN പണിക്കർ അനുസ്മരണം.<br>വീഡിയോ പ്രദർശനം.<br>വായനശാല സന്ദർശനം. (പൊതുവായനശാല) | ജൂൺ 19 | അധ്യാപകർ | | |

| | | | | |
|---|---|---|---|---|
| | വായനാ മരം, നിർമാണം.<br>എഴുത്തുകാരെ പരിചയപ്പെടൽ<br>വായനാ അനുഭവം അവതരണം. | June 19<br>മുതൽ<br>June 25<br>വരെ. | | |
| ലോക ലഹരി വിരുദ്ധ<br>ദിനം. | പ്രത്യേക അസംബ്ലി, ലഹരി വിരുദ്ധ<br>പ്രതിജ്ഞ, ലഹരി വിരുദ്ധ മുദ്രാവാക്യ-<br>ങ്ങൾ, പോസ്റ്ററുകൾ നിർമാണം,<br>ലഹരി വിരുദ്ധ ഗാനാലാപനം, ബോധ<br>ബോധവൽക്കരണ പരിപാടികൾ. | June 26 | | |
| ബഷീർ ദിനം. | ബഷീർ കഥാപാത്രങ്ങൾ അവതരണം<br>ബഷീർ കൃതികൾ പ്രദർശനം<br>വൈക്കം മുഹമ്മദ് ബഷീർ എന്ന<br>എഴുത്തുകാരനെ പരിചയപ്പെടൽ,<br>ഡോക്യുമെന്ററി പ്രദർശനം,<br>ക്വിസ് മത്സരം. | ജൂലൈ-5 | | |

| | | | | | |
|---|---|---|---|---|---|
| ചാന്ദ്രദിനം. | ചാന്ദ്രയാത്ര, ചാന്ദ്രയാൻ - വീഡിയോ പ്രദർശനം.<br>സ്കൂളിലെ ഒരു ബഹിരാകാശ യാത്രികൻ (കുട്ടികൾ വേഷമിടുന്നു)<br>പതിപ്പ് നിർമ്മാണം.<br>പ്രത്യേക അസംബ്ലി, ക്വിസ് മത്സരം<br>അമ്പിളി കവിതകൾ, ശേഖരിക്കൽ,<br>ചുമർ പത്രിക നിർമ്മാണം. | July-21 | 3,4 Class Teachers | PTA | |
| ഓഗസ്റ്റ് 6, 9.<br>ഹിരോഷിമ നാഗസാക്കി ദിനം. | യുദ്ധ വിരുദ്ധ ഗാനാലാപനം.<br>പോസ്റ്റർ നിർമ്മാണം, പ്രതിജ്ഞ ചൊല്ലൽ, ക്വിസ് മത്സരം, യുദ്ധത്തിനെതിരെ കുട്ടികളുടെ കൈയ്യൊപ്പ്, സഡാക്കോ കൊക്ക് നിർമ്മാണം. | | | | |

| | | | | | |
|---|---|---|---|---|---|
| ആഗസ്റ്റ് 15, സ്വാതന്ത്ര്യദിനം. | പ്രത്യേക അസംബ്ലി, പതാക ഉയർത്തൽ, ദേശീയ ഗീതം, ദേശഭക്തി ഗാനങ്ങൾ അവതരണം, ക്വിസ് മത്സരം, പോസ്റ്റർ നിർമാണം, മധുരം നൽകൽ. | August 15 | | | |
| സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനം. | അധ്യാപകരെ ആദരിക്കൽ, ഗ്രീറ്റിംഗ് കാർഡ് നിർമാണം, കുട്ടി അധ്യാപകരുടെ ക്ലാസ് മുറി (കുട്ടികൾ അധ്യാപകരായി അവതരണം). | | | | |
| ഗാന്ധിജയന്തി. | പ്രത്യേക അസംബ്ലി, സേവനവാരം. ആചരിക്കൽ, കുട്ടി ഗാന്ധി - അവതരണം, ഗാന്ധി സൂക്തങ്ങൾ, പ്രദർശനം, പ്രസംഗം, ക്വിസ് മത്സരങ്ങൾ, ഗാന്ധി കവിതകൾ, അവതരണം. ഗാന്ധിജി - വീഡിയോ അവതരണം. | October 2 | | | |

| | | | | | |
|---|---|---|---|---|---|
| കേരളപ്പിറവി. | എന്റെ കേരളം - കേരളത്തെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. അവതരണം - ക്വിസ് മത്സരം. ഗാനാലാപനം, പതിപ്പ് നിർമ്മാണം. | November 1 | | | |
| ദേശീയ ശിശുദിനം. | പ്രത്യേക അസംബ്ലി. നെഹ്റു വേഷം അവതരണം. വീഡിയോ പ്രദർശനം, പതിപ്പ് നിർമ്മാണം, നെഹ്റു തൊപ്പി നിർമ്മാണം. | November 14. | | | |
| ഇന്ത്യൻ റിപ്പബ്ലിക് ദിനം. | പ്രത്യേക ~~[illegible]~~, അസംബ്ലി, ദേശീയ പതാക ഉയർത്തൽ, ദേശഭക്തി ഗാനാലാപനം, മധുരം നൽകൽ, ക്വിസ് മത്സരം, ദേശീയ പതാക ~~[illegible]~~ നിർമ്മാണം, പോസ്റ്റർ രചന. | January 26. | | | |

## ആധുനികവത്കരിച്ച അടുക്കള . ഉച്ചഭക്ഷണം.

വൃത്തിയുള്ള സാഹചര്യത്തിൽ കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയുള്ള പദ്ധതിയാണിത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യകരമായ അന്തരീക്ഷത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിന്.<br>· ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ ഉറപ്പാക്കുക.<br>• ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ കംപോസ്റ്റ് നിർമ്മിക്കൽ.<br>- പോഷകാഹാരക്കുറവ് പരിഹരിക്കൽ. | പുതുതായി നിർമ്മിച്ച അടുക്കളയിൽ എല്ലാ വിധ സൗകര്യങ്ങളും ഉറപ്പാക്കുക.<br>ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിന് സൗകര്യം ഒരുക്കുക.<br>• എല്ലാ ക്ലാസിലും ചൂടുവെള്ളം എത്തിക്കുക.<br>• ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ വിഷരഹിതമായ പച്ചക്കറികൾ എന്നിവ ഉൾപ്പെടുത്തൽ.<br>• ജൈവ പച്ചക്കറി ഉപയോഗിക്കുക.<br>. സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മാണം.<br>എല്ലാ മാസവും ഒരു ദിവസം മാംസാഹാരം നൽകുക.<br>. ഫുഡ് ഫെസ്റ്റ്, സംഘടിപ്പിക്കുക.<br>· ഉച്ചഭക്ഷണത്തിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക. | ജൂൺ – മാർച്ച്. | മാനേജർ<br>സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി,<br>PTA<br>അദ്ധ്യാപകർ. | 25000 |

കമ്പ്യൂട്ടർ ലാബ്.

ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു കമ്പ്യൂട്ടർ ലാബ് എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സ്കൂളിലെ കമ്പ്യൂട്ടറുകൾ സജ്ജീകരിച്ച് പ്രയോജനപ്പെടുത്താനാകുന്ന ലാബ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • പഠനം രസകരവും ലളിതവുമാക്കൽ.<br>• വിവരശേഖരണം എളുപ്പത്തിലാക്കൽ.<br>• കമ്പ്യൂട്ടർ ഉപയോഗം അറിയാൻ.<br>• ദിനാചരണങ്ങൾ സുഗമമായി നടത്തുന്നതിന്<br>• വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്താൻ.<br>• പാഠഭാഗങ്ങൾ ICT സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യാൻ. | • കമ്പ്യൂട്ടറുകൾ പ്രവർത്തനയോഗ്യമാക്കൽ.<br>• കമ്പ്യൂട്ടർ റൂം ഒരുക്കൽ.<br>• മുഴുവൻ ക്ലാസുകളിലും ലാപ്ടോപ്പ് പ്രൊജക്ടർ സംവിധാനം ഒരുക്കൽ.<br>• ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കൽ. | ജൂൺ — മാർച്ച്. | PTA<br>മാനേജർ,<br>അധ്യാപകർ. | 30000 |

# പി.ടി. എ. ശാക്തീകരണം.

സമൂഹത്തിന്റെ നട്ടെല്ലാണ് ഓരോ വിദ്യാലയവും അതുകൊണ്ട്തന്നെ സമൂഹവും വിദ്യാലയവും തമ്മിൽ നല്ലൊരു ബന്ധം പുലർത്തേണ്ടത് അത്യാവശ്യമാണ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • സമൂഹവും വിദ്യാലയവും തമ്മിൽ നല്ല ബന്ധം സ്ഥാപിക്കൽ.<br>• കുട്ടികളെ അടുത്തറിയൽ<br>• കുട്ടികളുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കൽ<br>• പൊതു വിദ്യാഭ്യാസം ശക്തമാക്കൽ,<br>• വിദ്യാലയപ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ. | • ജൂൺ രണ്ടാം വാരത്തിൽ PTA ആദ്യയോഗം ചേരുന്നു. വിവിധ കമ്മിറ്റികൾക്ക് രൂപം നൽകുന്നു.<br>• എല്ലാ മാസവും ക്ലാസ് PTA ചേരണം.<br>• വർഷത്തിൽ മൂന്ന് പ്രാവശ്യം PTA വിളിച്ചു ചേർക്കണം.<br>• മൂന്നു മാസത്തിലൊരിക്കൽ കുട്ടികളുടെ ഗൃഹ സന്ദർശനം<br>• ബോധവത്ക്കരണ ക്ലാസുകൾ<br>• ഉചിതമായ പരിപാടിയിൽ പങ്കുകൊള്ളിക്കൽ. | ജൂൺ<br><br><br>ജൂൺ — മെയ്. | അധ്യാപകർ<br><br><br>അധ്യാപകർ. |